# മഹാത്മാഗാന്ധി സർവ്വകലാശാല

## 2020 ജൂൺ 09-ാം തീയതി രാവിലെ 10 മണിക്ക് കൂടിയ സെനറ്റ് വാർഷിക യോഗത്തിൻെറ നടപടിക്കുറിപ്പുകൾ

സ്ഥലം: സെനറ്റ് ഹാൾ, ഭരണവിഭാഗം ബ്ലോക്ക്, മഹാത്മാഗാന്ധി സർവ്വകലാശാല, പ്രിയദർശിനി ഹിൽസ്, അതിരമ്പുഴ, കോട്ടയം-686 560.

# <u>മഹാത്മാഗാന്ധി സർവ്വകലാശാല</u>

**2020 ജൂൺ 09-ന് രാവിലെ 10.00 മണിക്ക് സർവ്വകലാശാലാ സെനറ്റ് ഹാളിൽ ചേർന്ന സെനറ്റ് വാർഷിക യോഗത്തിൻെറ നടപടിക്കുറിപ്പുകൾ**

**പങ്കെടുത്തവർ :-**

| | | |
|---|---|---|
| 1 | പ്രൊഫ. (ഡോ.) സാബു തോമസ്, വൈസ് ചാൻസലർ (അദ്ധ്യക്ഷൻ) | ഒപ്പ് |
| 2 | അഡ്വ. പി.കെ. ഹരികുമാർ, സിൻഡിക്കേറ്റ് അംഗം | ഒപ്പ് |
| 3 | പ്രൊഫ. ടോമിച്ചൻ ജോസഫ്, സിൻഡിക്കേറ്റ് അംഗം | ഒപ്പ് |
| 4 | ഡോ. എ. ജോസ്, സിൻഡിക്കേറ്റ് അംഗം | ഒപ്പ് |
| 5 | ഡോ. ആർ. പ്രഗാഷ്, സിൻഡിക്കേറ്റ് അംഗം | ഒപ്പ് |
| 6 | ഡോ. എം.എസ്. മുരളി, സിൻഡിക്കേറ്റ് അംഗം | ഒപ്പ് |
| 7 | ഡോ. പി.കെ. പത്മകുമാർ, സിൻഡിക്കേറ്റ് അംഗം | ഒപ്പ് |
| 8 | ഡോ. അജി സി. പണിക്കർ, സിൻഡിക്കേറ്റ് അംഗം | ഒപ്പ് |
| 9 | പ്രൊഫ. പ്രവീൺ കുമാർ വി.എസ്., സിൻഡിക്കേറ്റ് അംഗം | ഒപ്പ് |
| 10 | ഡോ.റോയ് സാം ഡാനിയൽ, സിൻഡിക്കേറ്റ് അംഗം | ഒപ്പ് |
| 11 | പ്രൊഫ. (ഡോ.) സന്തോഷ് പി. തമ്പി, സിൻഡിക്കേറ്റ് അംഗം | ഒപ്പ് |
| 12 | പ്രൊഫ. (ഡോ.) ജയചന്ദ്രൻ കെ., സിൻഡിക്കേറ്റ് അംഗം | ഒപ്പ് |
| 13 | പ്രൊഫ. (ഡോ.) കെ. എം. കൃഷ്ണൻ, സിൻഡിക്കേറ്റ് അംഗം | ഒപ്പ് |
| 14 | ഡോ. ആർ. അനിത, സിൻഡിക്കേറ്റ് അംഗം | ഒപ്പ് |
| 15 | പ്രൊഫ. (ഡോ.) ബിസ്മി ഗോപാലകൃഷ്ണൻ, സിൻഡിക്കേറ്റ് അംഗം | ഒപ്പ |
| 16 | ശ്രീമതി. ദയ സാബു, സിൻഡിക്കേറ്റ് അംഗം | ഒപ്പ് |
| 17 | ശ്രീ. പത്മകുമാർ പി., അസിസ്റ്റൻറ് രജിസ്ട്രാർ(Rtd.), മഹാത്മാഗാന്ധി സർവ്വകലാശാല | ഒപ്പ |
| 18 | ശ്രീ. വർഗ്ഗീസ് കെ. ചെറിയാൻ, പ്രിൻസിപ്പൽ, സെൻറ്. ജോസഫ്സ് ട്രെയിനിംഗ് കോളേജ്, മാന്നാനം | ഒപ്പ് |
| 19 | ഡോ. എസ്. അനസ്, അസിസ്റ്റൻറ് പ്രൊഫസർ, സ്കൂൾ ഓഫ് കെമിക്കൽ സയൻസസ് | ഒപ്പ് |
| 20 | ശ്രീ. മോൻസി എ.യു., ജൂനിയർ സൂപ്രണ്ട്, സെൻറ്. തോമസ് കോളേജ്, റാന്നി | ഒപ്പ് |
| 21 | ശ്രീ. ജേക്കബ് സി. നൈനാൻ, യു.ഡി. ക്ലർക്ക്, ബസേലിയസ് കോളേജ്, കോട്ടയം | ഒപ്പ് |
| 22 | പ്രൊഫ. (ഡോ.) സിബി സക്കറിയാസ്, പ്രൊഫസർ, സ്കൂൾ ഓഫ് മാനേജ്മെൻറ് & ബിസിനസ്സ് സ്റ്റഡീസ് | ഒപ്പ് |
| 23 | ശ്രീ. വി.പി. ഇസ്മയിൽ, പ്രസിഡൻറ്, ഹെഡ് ലോഡ് & ജനറൽ വർക്കേഴ്സ് അസോസിയേഷൻ, കോട്ടയം | ഒപ്പ് |
| 24 | ശ്രീ. അമൽരാജ്, യൂണിവേഴ്സിറ്റി യൂണിയൻ ചെയർമാൻ | ഒപ്പ് |

രജിസ്ട്രാർ പ്രൊഫ. (ഡോ.) പ്രകാശ് കുമാർ ബി.-യും ഹാജരായിരുന്നു.

രാവിലെ 10.00 മണിക്ക് വൈസ് ചാൻസലർ പ്രൊഫ. (ഡോ.) സാബു തോമസിൻെറ അദ്ധ്യക്ഷതയിൽ യോഗ നടപടികൾ ആരംഭിച്ചു. സെനറ്റ് വാർഷിക യോഗത്തിലേക്ക് അംഗങ്ങളെ സ്വാഗതം ചെയ്ത അദ്ധ്യക്ഷൻ കോവിഡ് 19-ന്റെ പശ്ചാത്തലത്തിൽ സർവ്വകലാശാല സമൂഹം ജാഗരൂകരായിരിക്കണമെന്നും കോവിഡ് ബാധയിൽ രാജ്യം അഞ്ചാം സ്ഥാനത്തുള്ള സാഹചര്യത്തിൽ യൂണിവേഴ്സിറ്റി സമൂഹം മാസ്ക് സാനിറ്റൈസർ എന്നിവ ഉപയോഗിക്കണമെന്നും അതോടൊപ്പം സാമൂഹ്യ അകലം പാലിക്കണമെന്നും അഭിപ്രായപ്പെട്ടു

തുടർന്ന്, കഴിഞ്ഞ സെനറ്റ് യോഗത്തിനു ശേഷം മരണമടഞ്ഞവരുടെ നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തുന്നതായി അദ്ധ്യക്ഷൻ അറിയിച്ചു. തുടർന്ന് രജിസ്ട്രാർ അനുശോചനപ്രമേയം അവതരിപ്പിച്ചു.

**അനുശോചനപ്രമേയം**

മുൻ കേന്ദ്രമന്ത്രിയും മാതൃഭൂമി മാനേജിംഗ് ഡയറക്ടറും ആയിരുന്ന എം.പി. വീരേന്ദ്ര കുമാർ, ചാൻസലറും കേരള ഗവർണറുമായിരുന്ന ത്രിലോകി നാഥ് ചതുർവേദി, മുൻ മന്ത്രിമാരായിരുന്ന തോമസ് ചാണ്ടി, പി.ശങ്കരൻ, എം. കമലം, എം.എൽ.എ.-മാരായിരുന്ന വി. ബാലറാം, പി.ടി. മോഹനകൃഷ്ണൻ, വിജയൻ പിള്ള, പത്മവിഭൂഷൺ പി. പരമേശ്വരൻ, കുഫോസ് വൈസ് ചാൻസലർ ഡോ. എ. രാമചന്ദ്രൻ, കവി പുതുശ്ശേരി രാമചന്ദ്രൻ, സീറോ മലബാർ സഭ ഇടുക്കി രൂപതയുടെ പ്രഥമ മെത്രാനായിരുന്ന ബിഷപ്പ് മാർ മാത്യു ആനിക്കുഴിക്കാട്ടിൽ, മുൻ സന്തോഷ് ട്രോഫി താരം കെ.വി. ഉസ്മാൻ, ഇതിഹാസ ഫുട്ബോൾ താരവും മുൻ ഇന്ത്യൻ നായകനുമായ പികെ. ബാനർജി, ഇന്ത്യൻ ഫുട്ബോളിലെ ഇതിഹാസതാരം ചുനി ഗോസ്വാമി, സർവകലാശാലയിലെ ഓഫീസ് സൂപ്രണ്ട് ആയിരുന്ന പി.വി. രേണുക, മുൻ ഡെപ്യൂട്ടി രജിസ്ട്രാർ എസ്. രാജീവ്, കൂടാതെ കോവിഡ് ബാധിച്ച് ലോകത്താകമാനം മരിച്ചവർ- ഇവരുടെ നിര്യാണത്തിൽ മഹാത്മാഗാന്ധി സർവ്വകലാശാല സെനറ്റ് യോഗം അനുശോചനം രേഖപ്പെടുത്തി. തുടർന്ന് ആദരസൂചകമായി സഭ ഒരു മിനിറ്റ് മൗനമാചരിച്ചു.

**അനുമോദനങ്ങൾ**

കേരളത്തിലെ സർവ്വകലാശാലകൾക്കായി ഇന്റർനാഷണൽ ഏജൻസിയായ സ്കോപസ്സ് നടത്തിയ സർവ്വേയിൽ ഹൈക്വാളിറ്റി പബ്ലിക്കേഷൻസിൽ മഹാത്മാഗാന്ധി സർവകലാശാല ഒന്നാമതെത്തി, അതിനായി പ്രയത്നിച്ച വിദ്യാർത്ഥികൾ അധ്യാപകർ, ന്യൂട്ടൺ ബാവ റിസേർച്ച് സ്കോളർഷിപ്പിന് അർഹത നേടിയ ഇന്റർനാഷണൽ ആൻഡ് ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ നാനോ സയൻസ് ആൻഡ് നാനോ ടെക്നോളജിയിലെ വിദ്യാർത്ഥിയായ ശ്രീ.അവിനാഷ്, നാനോ സയൻസ് ആൻഡ് ടെക്നോളജി മിഷൻ, ഗവണ്മെന്റ് ഓഫ് ഇന്ത്യയുടെ ഡിപ്പാർട്ട്മെന്റ് ഓഫ് സയൻസ് ആൻഡ് ടെക്നോളജി (DST) നൽകുന്ന പ്രശസ്ത ശാസ്ത്രജ്ഞർക്കുള്ള നാഷണൽ റിസർച്ച് അവാർഡിനും (ഒരു ലക്ഷം രൂപയും പ്രശസ്തി പത്രവും), സൈബീരിയൻ ഫെഡറൽ യൂണിവേഴ്സിറ്റി ഹോണററി പ്രൊഫസ്സർഷിപ്പിനും അർഹത നേടിയ വൈസ് ചാൻസലർ പ്രൊഫ.(ഡോ.)സാബു തോമസ് എന്നിവരെ യോഗത്തിൽ അനുമോദിച്ചു.

തുടർന്ന് യോഗം അജൻഡ ഇനത്തിലേക്ക് പ്രവേശിച്ചു.

## I. ചോദ്യവും ഉത്തരവും:

### 1. ചോദ്യം: ഡോ. എസ്. അനസ്

സർവകലാശാലയിലെ പഠനവകുപ്പുകളിലെ അദ്ധ്യാപകരുടെ CAS പ്രമോഷനുമായി ബന്ധപ്പെട്ട് കഴിഞ്ഞ രണ്ടു വർഷമായി അപേക്ഷിച്ചവരുടെ വിശദാംശങ്ങൾ (പേര്, ഡിപ്പാർട്ട്മെൻറ്, അപേക്ഷ സമർപ്പിച്ച തീയതി IQAC യിൽ എത്തിയ തീയതി, IQAC യോഗത്തിൽ പാസ്സാക്കിയ തീയതി, സെലക്ഷൻ/സ്ക്രീനിംഗ് കമ്മിറ്റി നടന്ന തീയതി, പ്രമോഷൻ ഉത്തരവിറങ്ങിയ തീയതി എന്നിവ) ഇനിയും തീർപ്പാക്കാൻ ഉള്ളവയുടെ വിവരങ്ങൾ സഹിതം വിശദമാക്കുക.

സിൻഡിക്കേറ്റ് അംഗം ഡോ. പി.കെ. പത്മകുമാർ ഉത്തരം പറഞ്ഞു.

**(a) 01.01.2018-ന ശേഷം പ്രൊമോഷനമായി ബന്ധപ്പെട്ട് അപേക്ഷ സമർപ്പിച്ച വിവിധ പഠനവകുപ്പകളിലെ അദ്ധ്യാപകരുടെ വിശദാംശങ്ങൾ**

| നം. | പേര് | ഡിപ്പാർട്ട്മെന്റ് | അപേക്ഷ സമർപ്പിച്ച തീയതി | ഐക്യൂഎസിയിൽ എത്തിയ തീയതി | ഐക്യൂഎസി യോഗത്തിൽ പാസ്സാക്കിയ തീയതി | സെലക്ഷൻ/ സ്ക്രീനിംഗ് കമ്മറ്റി നടന്ന തീയതി | പ്രൊമോഷൻ ഉത്തരവിറങ്ങിയ തീയതി |
|---|---|---|---|---|---|---|---|
| 1 | ശ്രീ. രാജേഷ് ഇ | സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസ് | 14.01.2019 | 02.04.2019 | 02.12.2019 | 13.02.2020 | 02.03.2020 |
| 2 | ഡോ.അഫ്സൽ ഇ.എം. | സ്കൂൾ ഓഫ് മാനേജ്മെന്റ് ആന്റ് ബിസിനസ് സ്റ്റഡീസ് | 12.11.2018 | 18.01.2019 | 02.07.2019 | 20.11.2019 | 15.01.2020 |
| 3 | ഡോ. സജിമോൻ എബ്രഹാം | സ്കൂൾ ഓഫ് മാനേജ്മെന്റ് ആന്റ് ബിസിനസ് സ്റ്റഡീസ് | 02.03.2019 | 11.06.2019 | 02.07.2019 | 20.11.2019 | 15.01.2020 |
| | | | 11.02.2020 (പ്രൊഫസ്സർ തസ്തികയിലേയ്ക്ക്) ** | ഐക്യൂഎസിയിലേയ്ക്ക് അപേക്ഷ സമർപ്പിക്കുന്നതിനുള്ള അനുമതിയ്ക്കായി ഫയൽ ബഹു വൈസ് ചാൻസലർക്ക സമർപ്പിച്ചിരിക്കുന്നു. | ----- | ----- | ----- |
| 4 | ഡോ. സജ്ന ജലീൽ | സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസ് | 13.04.2018 | 02.06.2018 | 23.01.2019 | 16.08.2019 | 28.09.2019 |

| | | | | | | | |
|---|---|---|---|---|---|---|---|
| 5 | ഡോ. കെ. സാബുക്കുട്ടൻ | ഡിപ്പാർട്ടമെന്റ് ഓഫ് ലൈഫ് ലോങ്ങ് ലേർണിംഗ് ആൻഡ് എക്സ്റ്റൻഷൻ | 02 .05.2019 | * | 24.06.2019 (എക്സ്പെർട്ട് കമ്മിറ്റി ആണ് പാസ്സാക്കിയത്) | 28.06.2019 | 29.06.2019 |
| 6 | ഡോ. രാജേഷ് കോമത്ത് | സ്കൂൾ ഓഫ് സോഷ്യൽ സയൻസസ് | 10.05.2019 | 26.07.2019 | പൂർത്തീകരിച്ചിട്ടില്ല. | പൂർത്തീകരിച്ചിട്ടില്ല. | പൂർത്തീകരിച്ചിട്ടില്ല |
| 7. | ഡോ.വിനോദൻ സി. | SIRP | 11.10.2018 (Stage 4) | 23.11.2018 | 3.05.2019 | 17.08.2019 | 18.10.2019 |
| 8 | ഡോ.ജിജി.പി.വി | SILT | 21.02.2019 (Stage 4) | 21.03.2019 | 10.07.2019 | 20.11.2019 | 14.01.2020 |
| 9 | ഡോ. ജോസ്.കെ.മാനുവൽ | SOL | 20.08.2018 (Stage 4) | 09.10.2018 | 11.03.2019 | 10.06.2019 | 29.08.2019 |
| 10 | ഡോ. സി.ടി.അരവിന്ദകുമാർ | SCS | 02.08.2018 (Stage 4) | 12.02.2019 | 11.03.2019 | 14.06.2019 | 29.08.2019 |
| 11 | ഡോ. ബിന്ദു വി.ആർ. | SoCS | 30.03.2017 | 04.06.2018 | 11.03.2019 | 10.06.2019 | 24.07.2019 |
| 12 | ഡോ. അനജ് മുഹമ്മദ് | SoCS | 30.03.2017 | 05.06.2018 | 11.03.2019 | 10.06.2019 | 24.07.2019 |

| | | | | | | | |
|---|---|---|---|---|---|---|---|
| 13 | ശ്രീമതി. രശ്മി എസ്.എസ്. | SBS | 01.02.2018 | 08.10.2018 | 11.03.2019 | 17.08.2019 | 04.11.2019 |
| 14 | ശ്രീമതി. ചിത്ര മോഹൻ | SCS | 26.11.2018 | 07.01.2019 | 11.03.2019 | 17.08.2019 | 06.11.2019 |
| 15 | ഡോ.റോബിനെറ്റ് ജേക്കബ് | STS | 14.10.2019 ((Stage 5) | 21.11.2019 | 20.01.2020 | 13.02.2020 | 05.03.2020 |
| 16 | ഡോ.ലിനു മാത്യു | SBS | 21.03.2018 | 03.07.2018 | 20.01.2020 | 13.02.2020 | 02.03.2020 |

*** പരിശോധനയ്ക്കായി ഫയൽ ഐക്യുഎസി മുൻപാകെ സമർപ്പിച്ചിട്ടുണ്ടായിരുന്നില്ല**
**** 15.02.2020 ന ടിയാന്റെ അപേക്ഷ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്.**

**(b) ഇനിയും തീർപ്പാക്കാൻ ഉള്ളവരുടെ വിശദാംശം**

| ക്രമ നമ്പർ | പേര് | വകുപ്പ് | അപേക്ഷ തീയതി | IQAC-ൽ എത്തിയ തീയതി | IQAC പാസ്സാക്കിയ തീയതി | സെക്ഷൻ/ സ്ക്രീനിംഗ് കമ്മിറ്റി തീയതി |
|---|---|---|---|---|---|---|
| 1 | ഡോ.സരിത എ.സി. | SPAP | 30.05.2019 (stage-3 promotion) | 16.12.2019 | | |
| 2 | ഡോ.അജു.കെ.എൻ | SOL | 16.07.2019 (Stage 3) | 26.11.2019 | 20.01.2020 | 13.02.2020 |
| 3 | ഡോ.സജി മാത്യു | SOL | 23.11.2018 (Stage 3) | 19.01.2019 | 20.01.2020 | |

| | | | | | | |
|---|---|---|---|---|---|---|
| 4 | ഡോ.സുനിൽകുമാർ സിറിയക് | SILT | 22.05.2019 | 07.11.2019 | | |
| 5. | ഡോ. ഹരികുമാരൻ നായർ ആർ. | SBS | 08.02.2019 | 19.03.2019 | | |
| 6. | ഡോ. രാധാകൃഷ്ണൻ ഇ.കെ. | SBS | 05.04.2019 | 14.06.2019 | | |
| 7. | ഡോ.ഹരികുമാർ.എസ് | SOL | 17.07.2019 | 14.02.2020 | | |

**ഉപചോദ്യം: ഡോ. എസ്. അനസ്**

അപേക്ഷ സമർപ്പിച്ച തീയതിയും ഉത്തരവിറങ്ങുന്ന തീയതിയും തമ്മിൽ എന്തുകൊണ്ടാണ് ഇത്രയും അന്തരം ഉണ്ടാകുന്നത്? എന്തെങ്കിലും മുൻഗണനാക്രമങ്ങൾ പാലിക്കുന്നുണ്ടോ? എന്താണ് ഇതിന്റെ അടിസ്ഥാനം?

**സിൻഡിക്കേറ്റ് അംഗം ഡോ. പി.കെ. പത്മകുമാർ ഉത്തരം പറഞ്ഞു.**

യു.ജി.സി.-യുടെ റഗുലേഷൻ അനുസരിച്ച് കാര്യങ്ങൾ വളരെ വിശദമായി പരിശോധിച്ച് മാത്രമേ പ്രമോഷൻ തീരുമാനങ്ങൾ കൈക്കൊള്ളാൻ സാധിക്കുകയുള്ളൂ. അത്തരത്തിലുള്ള കാലതാമസമാണ് നിലവിലുള്ളത്. നിലവിൽ മുൻഗണനാവിഷയമായി പരിഗണിക്കുന്നത് പ്രയോരിറ്റി മാത്രമാണ്. ലാപ്സ് വരുന്നത് തീർച്ചയായും പരിശോധിച്ച് അടിയന്തരമായി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും

**2. ചോദ്യം: ശ്രീ. പത്മകുമാർ പി.**

നിലവിലുള്ള പരീക്ഷാസംവിധാനത്തിലെ സോഫ്റ്റ്‌വെയർ-ന്റെ ന്യൂനതകൾ പരിഹരിക്കുവാൻ എന്ത് പദ്ധതിയാണ് ആവിഷ്കരിച്ചിട്ടുള്ളത്?

**സിൻഡിക്കേറ്റ് അംഗം പ്രൊഫ. ടോമിച്ചൻ ജോസഫ് ഉത്തരം പറഞ്ഞു.**

1) സോഫ്റ്റ്‌വെയർ കൂടുതൽ കാര്യക്ഷമമാക്കുന്നതിനു UG-CBCS, PG-CSS വിഭാഗങ്ങളിൽ ബന്ധപ്പെട്ട ടാബുലേഷൻ സെക്ഷനിലെ ജീവനക്കാരെ ഉൾപ്പെടുത്തി അവരുടെ അഭിപ്രായങ്ങളും മാർഗ്ഗ നിർദേശങ്ങളും സ്വരൂപിക്കുന്നതിന് കോർ കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു. സോഫ്റ്റ്‌വെയർ നിർമ്മിക്കുന്നതിനായി റൂൾസ്, റഗുലേഷൻ, സിലബസ് എന്നിവ പരിശോധിച്ച് വിദഗ്ധാഭിപ്രായം നൽകുന്നതിനും ആവശ്യമായ സ്പഷ്ടീകരണം നൽകുന്നതിനും കോർ കമ്മിറ്റികൾ പ്രവർത്തിക്കുന്നു.

2) U-Expert എന്ന പഴയ സോഫ്റ്റ്‌വെയറിൽ നടത്തി വന്നിരുന്ന വിവിധ കോഴ്സുകളുടെ എല്ലാ പരീക്ഷാ സംബന്ധമായ ജോലികളും കാലാനുസൃതമായതും web based environment-ൽ പ്രവർത്തിയ്ക്കുന്നതുമായ പുതിയ സോഫ്റ്റ്‌വെയറിലേയ്ക്ക് മാറ്റുന്ന പ്രവർത്തനം2019 പ്രവേശന വർഷം മുതൽ നടപ്പാക്കി വരുന്നു.

3) വിവിധ കോഴ്സുകളുടെ നിയമാവലികൾ (റഗുലേഷൻ, സിലബസ് എന്നിവ) നിലവിൽ വന്ന ശേഷം നിരന്തരമായി ഭേദഗതി ചെയ്യപ്പെടുന്നു. പരീക്ഷ രജിസ്ട്രേഷൻ, ഹാൾ ടിക്കറ്റ് വിതരണം, പരീക്ഷ നടത്തിപ്പ്, ഫല പ്രഖ്യാപനം, ഗ്രേഡ് കാർഡ്, ഡിഗ്രി സർട്ടിഫിക്കറ്റുകളുടെ വിതരണം എന്നിവയിൽ ഒന്നോ ഒന്നിലധികമോ പ്രാവശ്യം വിവിധ ഘട്ടങ്ങൾ പിന്നിട്ട ശേഷം മുൻകാല പ്രാബല്യത്തിൽ ഉണ്ടാകുന്ന ഉത്തരവുകൾ നിലവിലുള്ള സോഫ്റ്റ്‌വെയറിൽ നടപ്പാക്കുന്നതിന് പ്രശ്നങ്ങൾ ഉണ്ടാവാം.

കൂടാതെ, സോഫ്റ്റ്‌വെയർ നിർമ്മിക്കപ്പെട്ട അവസരത്തിലുള്ളതിൽനിന്നും വ്യത്യസ്തമായ requirements ആയിരിക്കും ഇപ്പോൾ വേണ്ടത്. ഇത്തരം സാഹചര്യങ്ങളിൽ, സോഫ്റ്റ്‌വെയറിന്റെ ന്യൂനതകളല്ല, മറ്റു കാരണങ്ങളാണ് (Change in requirements) അപ്രകാരം ന്യൂനതകളാണെന്നു കരുതപ്പെടുന്നത്.

കോഴ്സ് മാപ്പിംഗ്, വിഷയങ്ങളുടെ ക്രെഡിറ്റ്, കോഴ്സ് കോഡ്, ഇന്റേർണൽ -എക്സ്റ്റേണൽ അനുപാതം, പരമാവധി മാർക്ക് മുതലായവയിൽ കോഴ്സ് പീരീഡിലും അതിനു ശേഷവും വരുത്തുന്ന ഭേദഗതികൾ പരിശോധിച്ച് വരുന്നു.

ഇത്തരം സോഫ്റ്റ്‌വെയർ ന്യൂനതകൾ പരിഹരിക്കുന്നതിനായി സർവകലാശാലയിലെ തന്നെ യോഗ്യരായവരെ ചേർത്തുകൊണ്ട് IT സെൽ രൂപീകരിക്കാനും, ഇതിലൂടെ സമഗ്രമായൊരു പരിഷ്കരണമാണ് സർവ്വകലാശാല ലക്ഷ്യം വയ്ക്കുന്നത്.

**ഉപചോദ്യം: ശ്രീ. പത്മകുമാർ പി.**

വിവിധ കോഴ്സുകളുടെ നിയമാവലികൾ (റഗുലേഷൻ, സിലബസ് എന്നിവ) നിലവിൽ വന്ന ശേഷം നിരന്തരമായി ഭേദഗതി ചെയ്യപ്പെടുന്നു. പരീക്ഷ രജിസ്ട്രേഷൻ, ഹാൾ ടിക്കറ്റ് വിതരണം, പരീക്ഷ നടത്തിപ്പ്, ഫല പ്രഖ്യാപനം, ഗ്രേഡ് കാർഡ്, ഡിഗ്രി സർട്ടിഫിക്കറ്റുകളുടെ വിതരണം എന്നിവയിൽ ഒന്നോ ഒന്നിലധികമോ പ്രാവശ്യം വിവിധ ഘട്ടങ്ങൾ പിന്നിട്ട ശേഷം മുൻകാല പ്രാബല്യത്തിൽ ഉണ്ടാകുന്ന ഉത്തരവുകൾ നിലവിലുള്ള സോഫ്റ്റ്‌വെയറിൽ നടപ്പാക്കുന്നതിന് പ്രശ്നങ്ങൾ ഉണ്ടാകുന്നു, എന്തുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നത്?എന്താണ് ഇത്തരം പ്രശ്നങ്ങൾ ഉണ്ടാകാനുള്ള സാഹചര്യം?

**സിൻഡിക്കേറ്റ് അംഗം പ്രൊഫ. ടോമിച്ചൻ ജോസഫ് ഉത്തരം പറഞ്ഞു.**

UG-CBCSS 2017-മായി ബന്ധപ്പെട്ട് ചുരുങ്ങിയ കാലയളവുകൊണ്ട് 8 വർഷമായി നിലവിലുണ്ടായിരുന്ന സിലബസ് റിവിഷൻ ചെയ്യുണ്ടതായി വന്നു. ആയതിനാൽ ചെറിയ തെറ്റുകൾ കടന്നു കൂടിയിട്ടുണ്ട്. ഇത്തരം തെറ്റുകൾ തിരുത്തി മുന്നോട്ട് പോകേണ്ടത് അത്യാവശ്യമായതിനാൽ മുൻകാല പ്രാബല്യത്തിൽ തിരുത്തേണ്ട സാഹചര്യം ഉണ്ടായത്.

**ഉപചോദ്യം: ശ്രീ. ജേക്കബ് സി. നൈനാൻ**

സർവ്വകലാശാല പരീക്ഷ നടത്തിപ്പുമായി ബന്ധപ്പെട്ട് എയ്ഡഡ് കോളേജ് ഓഫീസുകളിൽ ഉണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനുവേണ്ടി സോഫ്റ്റ്‌വെയറിൽ ചില മാറ്റങ്ങൾ വരുത്തുവാൻ വേണ്ടി കഴിഞ്ഞ സെനറ്റിൽ അവതരിപ്പിച്ച പ്രമേയം ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തിരുന്നു. സോഫ്റ്റ്‌വെയർ പരിഷ്കരിച്ചപ്പോൾ ആ നിർദ്ദേശം പരിഗണിച്ചിട്ടുണ്ടോ?

**സിൻഡിക്കേറ്റ് അംഗം പ്രൊഫ. ടോമിച്ചൻ ജോസഫ് ഉത്തരം പറഞ്ഞു.**

സോഫ്റ്റ്‌വെയർ-മായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ കഴിഞ്ഞ സെനറ്റ് മുന്നോട്ടുവച്ച പ്രമേയം ഉൾക്കൊണ്ടുകൊണ്ടാണ് ഇതിന്റെ പ്രവർത്തനങ്ങൾ എല്ലാം മുന്നോട്ടുപോയത് എന്നാൽ കോവിഡുമായി ബന്ധപ്പെട്ട് വന്ന കാലതാമസവും സർവകലാശാലയിലെ ജീവനക്കാരിൽ വന്ന കുറവും ഇത്തരം പ്രവർത്തനങ്ങളെ ബാധിച്ചു. കാലതാമസമില്ലാതെതന്നെ പ്രശ്നങ്ങൾ പരിഹരിക്കുന്നതായിരിക്കും.

**3. ചോദ്യം: ഡോ. വർഗ്ഗീസ് കെ. ചെറിയാൻ**

യൂണിവേഴ്സിറ്റിയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള അദ്ധ്യാപക പരിശീലന കേന്ദ്രങ്ങളിൽ എത്ര അപ്രൂവ്ഡ് അദ്ധ്യാപകർ ജോലി ചെയ്യുന്നു. ഇവരിൽ എത്രപേർ 2018-19, 2019-20 കാലയളവുകളിലെ പേപ്പർ വാല്യുവേഷനിൽ പങ്കെടുത്തു? പങ്കെടുക്കാത്ത അദ്ധ്യാപകർക്കെതിരെ എന്ത് നടപടി സ്വീകരിച്ചു?

**സിൻഡിക്കേറ്റ് അംഗം പ്രൊഫ. ടോമിച്ചൻ ജോസഫ് ഉത്തരം പറഞ്ഞു.**

യൂണിവേഴ്സിറ്റി അഫിലിയേറ്റ് ചെയ്തിട്ടുള്ള ബി.എഡ്. കോളേജുകളിൽ 7 എയ്ഡഡ് കോളേജുകളിലെ അപ്രൂവ്ഡ് അദ്ധ്യാപകരുടെ എണ്ണം ചുവടെ ചേർത്തിരിക്കുന്നു.

- മൗണ്ട് കാർമൽ കോളേജ് ഓഫ് ടീച്ചർ എഡ്യൂക്കേഷൻ ഫോർ വിമൺ, കോട്ടയം -6
- എൻ.എസ്.എസ്. ട്രെയിനിങ് കോളേജ്, ചങ്ങനാശ്ശേരി -13
- സെന്റ്. ജോസഫ് ട്രെയിനിങ് കോളേജ്, മാന്നാനം- 12
- സെന്റ്. തോമസ് കോളേജ് ഓഫ് ടീച്ചർ എഡ്യൂക്കേഷൻ, പാല-11
- എസ്.എൻ.എം. ട്രെയിനിങ് കോളേജ്, മൂത്തകുന്നം-11
- സെന്റ്. ജോസഫ് കോളേജ് ഓഫ് ടീച്ചർ എഡ്യൂക്കേഷൻ ഫോർ വിമൺ, എറണാകുളം -14
- റ്റൈറ്റസ് II ടീച്ചേർസ് ട്രെയിനിങ് കോളേജ്, തിരുവല്ല -10

2018-19, 2019-2020 കാലയളവിൽ നടത്തിയ മൂല്യനിർണയ ക്യാമ്പുകളിൽ താഴെ പറയും പ്രകാരം അപ്രൂവ്ഡ് അദ്ധ്യാപകർ പങ്കെടുത്തു.

a) ഒന്നാം സെമസ്റ്റർ ബി.എഡ്. പരീക്ഷ, ഡിസംബർ 2018 - 55

b) നാലാം സെമസ്റ്റർ ബി.എഡ്. പരീക്ഷ, മാർച്ച് 2019 -46

c) രണ്ടാം സെമസ്റ്റർ ബി.എഡ്.പരീക്ഷ, മെയ് 2019 -56

d) മൂന്നാം സെമസ്റ്റർ ബി.എഡ്. പരീക്ഷ, നവംബർ 2019-18

2018-2019, 2019-2020 കാലയളവിൽ വാല്യൂവേഷൻ നടപടികൾ സമയബന്ധിതമായി പൂർത്തിയായതിനാൽ അധ്യാപകർക്കെതിരെ നടപടികൾ ഒന്നും തന്നെ സ്വീകരിച്ചിട്ടില്ല. ഭാവിയിൽ അദ്ധ്യാപകർ വാല്യൂവേഷൻ ക്യാമ്പിൽ പങ്കെടുക്കാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടാൽ നടപടികൾ സ്വീകരിക്കുകയും ചെയ്യാവുന്നതാണ്.

**4. ചോദ്യം: ശ്രീ. മോൻസി എ.യു.**

മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയുടെ കീഴിൽ ധാരാളം വിദ്യാർത്ഥികൾ കോമേഴ്സ് പഠിക്കുന്നുണ്ട്. എന്നിട്ടും യൂണിവേഴ്സിറ്റിയിൽ കോമേഴ്സ് ഡിപ്പാർട്ട്മെന്റ് ഇല്ല. യൂണിവേഴ്സിറ്റി ക്യാമ്പസ്സിൽ കോമേഴ്സ് ഡിപ്പാർട്ട്മെന്റ് തുടങ്ങാത്തതിന്റെ കാരണം എന്താണ് ?

**സിൻഡിക്കേറ്റ് അംഗം പ്രൊഫ. ടോമിച്ചൻ ജോസഫ് ഉത്തരം പറഞ്ഞു.**

സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളിൽ കോമേഴ്സ് പഠിക്കുന്നതിന് ധാരാളം അവസരങ്ങൾ ഉണ്ട് ആയതിനാൽ സർവകലാശാലയിൽ പുതിയ കോമേഴ്സ് ഡിപ്പാർട്ട്മെന്റ് തുടങ്ങുന്ന വിഷയം തൽക്കാലം പരിഗണിക്കുന്നില്ല. എന്നിരുന്നാലും, എല്ലാ കോളേജിലും ഉള്ള ഈ പഠന വകുപ്പിനെ ഏകോപിക്കുന്നതിനു വേണ്ടി സർവകലാശാലയിൽ ഒരു ഡിപ്പാർട്ട്മെൻറ് ആവശ്യമാണ്. ഭാവിയിൽ ഒരു പഠന വകുപ്പ് പുതുതായി തുടങ്ങുന്ന അവസരത്തിൽ കോമേഴ്സ് ഡിപ്പാർട്ട്മെന്റ് കൂടെ പരിഗണിക്കാവുന്നതാണ്.

**5. ചോദ്യം: ഡോ. എസ്. അനസ്**

സർവകലാശാലയിലെ പഠനവകുപ്പുകളിലേയ്ക്കുള്ള പ്രവേശന പരീക്ഷ നടത്തിപ്പുമായി ബന്ധപ്പെട്ട് 2018- 2019, 2019-2020 അക്കാദമിക വർഷങ്ങളിൽ എത്ര തുക വീതം ചിലവഴിച്ചുവെന്ന് ഇനം തിരിച്ചു വ്യക്തമാക്കുക?

**സിൻഡിക്കേറ്റ് അംഗം പ്രൊഫ.(ഡോ.) ജയചന്ദ്രൻ കെ. ഉത്തരം പറഞ്ഞു**

**2018-2019**

| **No.** | **Item** | **Amount(Rs )** |
|---|---|---|
| 1 | Remuneration to Chief Superintendent, Invigilator, College Staff and University Staff. | 2,31,940/- |
| 2 | Question Paper Printing, Stationery, Computer Purchase<br>Postal Charges and Refreshment Charges | 6,15,170/- |
| 3 | **Total** | **8,47,110/-** |

**2019-2020**

| **No.** | **Item** | **Amount(Rs)** |
|---|---|---|
| 1 | Remuneration to Chief Superintendent, Invigilators , College Staff, University Staff and Valuation Camp DA | 3,69,896/- |
| 2 | Training conducted to teachers for Online Question Bank Preparation , Stationery Purchase, Toner refilling, HOD Meeting expenditure | 20,680/- |
| 3 | Prospectus Printing Charge | 39,200/- |

| | | |
|---|---|---|
| 4 | OMR Sheet Printing | 29,400/- |
| 5 | Question Bank Software Purchase | 88,500/- |
| 6 | Question Paper Printing Charges | 1,40,944/- |
| | **Total** | **6,88,620/-** |

**ഉപചോദ്യം: ഡോ. എസ്. അനസ്**

2019 -20 പേപ്പർ പ്രിന്റിംഗ് ആയി ബന്ധപ്പെട്ട് ചിലവായ തുകയേക്കാൾ വളരെ കൂടുതൽ ആണ് 2018 -19 കാലയളവിലെ പ്രിന്റിങ്ങിനു ചിലവായ തുക. കമ്പ്യൂട്ടർ , സ്റ്റേഷനറി എന്നിവ വാങ്ങിയതിനാലാണോ തുക അധികമായി ചെലവായത് ?

**സിൻഡിക്കേറ്റ് അംഗം പ്രൊഫ.(ഡോ.) ജയചന്ദ്രൻ കെ. ഉത്തരം പറഞ്ഞു**

പരീക്ഷ നടത്തിപ്പുമായി ബന്ധപ്പെട്ട് 2018-19 കാലയളവിൽ കമ്പ്യൂട്ടർ വാങ്ങേണ്ട ആവശ്യകത ഉണ്ടായതിനാൽ കൂടുതൽ തുക ചിലവായിരിക്കുന്നത് എന്നാൽ തുടർന്നുള്ള വർഷങ്ങളിൽ കമ്പ്യൂട്ടർ വാങ്ങേണ്ട സാഹചര്യം ഉണ്ടായിട്ടില്ല. അതുകൊണ്ടുതന്നെ 2019-20 കാലയളവിൽ ചെലവ് കുറഞ്ഞതായി കാണുന്നത്.

**6. ചോദ്യം: ഡോ. എസ്. അനസ്**

2019 മാർച്ച് 30-നു നടന്ന സെനറ്റ് യോഗത്തിലെ ചോദ്യം 14-ന്റെ ഉപചോദ്യത്തിനുള്ള ഉത്തരമായി അറിയിച്ച സർവകലാശാലയിലെ സെന്ററുകളുടെ പ്രവർത്തനത്തെ സംബന്ധിച്ച പഠന റിപ്പോർട്ടും, 2019 ജൂലൈ 27-നു നടന്ന സെനറ്റ് യോഗത്തിലെ നാലാം നമ്പർ പ്രമേയമായി അംഗീകരിച്ച ധവളപത്രവും പുറത്തിറക്കാൻ കാലതാമസം നേരിടുന്നതെന്തുകൊണ്ട്?

**സിൻഡിക്കേറ്റ് അംഗം പ്രൊഫ.(ഡോ.) ജയചന്ദ്രൻ കെ. ഉത്തരം പറഞ്ഞു**

2019 മാർച്ച് 30-നു നടന്ന സെനറ്റ് യോഗത്തിലെ ചോദ്യം 14-ന്റെ ഉപചോദ്യത്തിനുള്ള ഉത്തരമായി അറിയിച്ച സർവകലാശാലയിലെ സെന്ററുകളുടെ പ്രവർത്തനത്തെ സംബന്ധിച്ച റിപ്പോർട്ട് സമർപ്പിച്ചതായി കാണുന്നില്ല. റിപ്പോർട്ടിനെ ആസ്പദമാക്കിയേ ധവളപത്രം പുറപ്പെടുവിക്കുന്നത് സംബന്ധിച്ച് നടപടികൾ കൈകൊള്ളുവാൻ സാധിക്കുകയുള്ളൂ .

**7. ചോദ്യം: പ്രൊഫ. (ഡോ.) സിബി സക്കറിയാസ്**

How many students discontinued the course in the Academic year 2019-2020 from the statutory departments. Reasons?

സിൻഡിക്കേറ്റ് അംഗം ഡോ. പി.കെ. പത്മകുമാർ ഉത്തരം പറഞ്ഞു.

| No | Department | Course | No. students Discontinued | Reason |
|---|---|---|---|---|
| 1. | School of Computer Sciences | M.Phil | 01 | Unauthorized absence |
| | | M.Sc | 03 | Unauthorized absence |
| 2. | School of Behavioral Sciences | M.Sc<br>Psycology | 01 | For joining in another College |
| | | M.Phil<br>Rehabilitation Psycology | 01 | For joining in another College |
| 3. | School of International Relations and Politics | M.Phil<br>Politics and International Relations | 01 | Joined Ph.D in Political Science |
| | | M.A.<br>Politics and International Relations | 01 | Discontinued after 2nd semster later took readmission on 08.07.2019 but not appeared for 3rd semster Examination. |
| 4. | School of Gandhian Thought and Development Studies | | 02 | Due to attendance Shortage |
| 5. | School of Environmental Sciences | M.Sc<br>Environmental Sciences & Mangement | 01 | Personal |
| | | M.Phil<br>Environmental Managemnet | 01 | Personal |
| 6. | School of Lifelong Learning and Extension | Nil | Nil | Nil |

| | | | | |
|---|---|---|---|---|
| 7. | School of Indian Legal Thought | LLM | 03 | Got spot admission at CUSAT |
| | | BBA LLB (Hons) | 01 | Got admission in his Home town |
| 8. | School of Pure and Applied Physics | M.Sc | 04 | Admission to other Colleges |
| | | M.Phil | 01 | To join for Ph.D |
| | | Ph.D | 02 | No progress in Research work |
| 9. | School of Chemical Sciences | M.Sc | 01 | Unauthorized absence |
| 10. | School of Physical Education and Sports Sciences | MPES | 03 | 2 Students got admission in Calicut University<br><br>One student discontinued the course due to personal Problems |
| 11. | School of Tourism Studdies | Nil | Nil | Nil |
| 12. | School of Bio sciences | M.Phil | 01 | Medical Reasons |
| 13. | School of Pedagogical Sciences | M.Ed | 02 | One student left for Medical Reasons and other student has not specified any reasons till date. |
| 14. | School of Letters | MA | 01 | Joined another University |
| 15. | School of Management and Business Studies | MBA (1Sem) | 01 | Due to attendance Shortage |
| | | MBA (III Sem) | 01 | Due to attendance Shortage |
| | | MBA (IV Sem) | 01 | Personal Inconvenience |
| 16. | School of Social Sciences | Nil | Nil | Nil |

**8. ചോദ്യം: ഡോ. വർഗ്ഗീസ് കെ. ചെറിയാൻ**

യൂണിവേഴ്സിറ്റിയുടെ എല്ലാ അക്കാദമിക് കമ്മിറ്റികളും അംഗീകരിക്കുകയും പരീക്ഷയ്ക്ക് മൂന്നര മാസം മുമ്പുതന്നെ പൂർത്തിയാക്കുകയും ചെയ്ത ക്വസ്റ്റ്യൻ ബാങ്ക് ഉപയോഗിച്ചുള്ള പരീക്ഷ 2020 ഫെബ്രുവരി 14-ാം തീയതി ആരംഭിച്ച ബി.എഡ്. പ്രോഗ്രാമിന്റെ ഒന്നാം സെമസ്റ്റർ പരീക്ഷയ്ക്ക് എന്തുകൊണ്ട് നടപ്പിലാക്കാൻ സാധിച്ചില്ല? പകരം നടന്ന പരീക്ഷ ബി.എഡ്. പ്രോഗ്രാമിന്റെ ഏതു വർഷത്തെ സിലബസ് ഉപയോഗിച്ച് തയ്യാറാക്കിയ ചോദ്യപ്പേപ്പറാണ് ഉൾപ്പെടുത്തിയത് ?

**സിൻഡിക്കേറ്റ് അംഗം പ്രൊഫ. ടോമിച്ചൻ ജോസഫ് ഉത്തരം പറഞ്ഞു.**

2019 ലെ സർവ്വകലാശാല പരീക്ഷ കലണ്ടർ പ്രകാരം ഒന്നാം സെമസ്റ്റർ (2019 അഡ്മിഷൻ ) പരീക്ഷകൾ 06.01.2019 മുതൽ 18.01.2019 വരെയാണ് നടത്തേണ്ടിയിരുന്നത്. ആയതിൻ പ്രകാരം പ്രസ്തുത പരീക്ഷയുള്ള ചോദ്യപ്പേപ്പറുകൾ ഒക്ടോബർ 2019-ൽ തന്നെ തയ്യാറാക്കിയിരുന്നു. ടി പരീക്ഷക്കുള്ള ഓൺലൈൻ ചോദ്യബാങ്ക് തയ്യാറായിരുന്നുവെങ്കിലും ചോദ്യപ്പേപ്പർ ട്രാൻസ്മിഷന് ആവശ്യമായ നടപടിക്രമങ്ങൾ പൂർത്തികരിച്ചിരുന്നില്ല മേൽ നടപടികൾ പൂർത്തീകരിക്കാതിരുന്നതിനാൽ പരമ്പരാഗത രീതിയിൽ ടി പരീക്ഷ 2020 ഫെബ്രുവരി 14 -ാം തീയതി മുതൽ നടത്തുകയാണുണ്ടായത്.

പ്രസ്തുത പരീക്ഷകൾ 2018-ലെ പുതുക്കിയ ബി.എഡ്. സിലബസ് പ്രകാരമാണ് നടത്തിയിട്ടുള്ളത്. പ്രസ്തുത സിലബസ് തന്നെയാണ് 2019 വർഷത്തെ ബി.എഡ്. പരീക്ഷകൾക്കും ഉപയോഗിച്ചിട്ടുള്ളത്.

**9. ചോദ്യം: ശ്രീ. പത്മകുമാർ പി.**

പഴയ പരീക്ഷാഭവൻ കെട്ടിടം പൊളിച്ചുമാറ്റി ലാബ് സമുച്ചയം നിർമിക്കാനുള്ള പദ്ധതിക്ക് സർക്കാർ ഫണ്ട് വകയിരുത്തിയിട്ടുണ്ടോ? ഉണ്ടെങ്കിൽ കെട്ടിടം പണി തുടങ്ങിയതിനുശേഷമാണോ അവ ലഭിക്കുക. എത്ര കോടി ചെലവ് പ്രതീക്ഷിക്കുന്നു, സർവ്വകലാശാല ഫണ്ടിൽ നിന്നുള്ള വിഹിതം ഉണ്ടോ?

**സിൻഡിക്കേറ്റ് അംഗം പ്രൊഫ. വി.എസ്. പ്രവീൺകുമാർ ഉത്തരം പറഞ്ഞു.**

കിഫ്ബി ധനസഹായത്തോടെ സർവ്വകലാശാലയിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന കേന്ദ്രീകൃത ലബോറട്ടറി കോംപ്ലക്സ് നിർമ്മിക്കാൻ നിർദേശിച്ചിട്ടുള്ളത് നിലവിൽ പഴയ പരീക്ഷ ഭവൻ (അനെക്സ്) കെട്ടിടം സ്ഥിതി ചെയ്യുന്ന സ്ഥലത്താണ്. മഹാത്മാഗാന്ധി സർവ്വകലാശാലയെ ഇന്റർനാഷണൽ സെന്റർ ഫോർ എക്സലൻഡ് ഇൻ അക്കാദമിക് & റിസർച്ച് ആയി ഉയർത്തുന്നതിന് കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 132,75,81,772.35/- (നൂറ്റി മുപ്പത്തിരണ്ട് കോടി എഴുപത്തിയഞ്ച് ലക്ഷത്തി എൺപത്തി ഒരായിരത്തി എഴുനൂറ്റി എഴുപത്തി രണ്ട് രൂപ മാത്രം) രൂപയുടെ പദ്ധതിക്ക് സർക്കാരിൽ നിന്നും ഭരണാനുമതി ലഭിച്ചിട്ടുള്ളതാണ്. ടി പദ്ധതിയുടെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയി M/s. കിറ്റ്കോ എന്ന സ്ഥാപനത്തെ നിയോഗിച്ചുകൊണ്ട് സർക്കാർ ഉത്തരവായിട്ടുള്ളതുമാണ്.

പദ്ധതിയുടെ ഒന്നാം ഘട്ടത്തിന്റെ ഭാഗമായി 75,00,00,000/- (എഴുപത്തഞ്ച് കോടി മാത്രം) രൂപയുടെ എസ്റ്റിമേറ്റിൽ 51,25,81,772/- (അൻപത്തിയൊന്നു കോടി ഇരുപത്തിഅഞ്ച് ലക്ഷത്തി എൺപത്തി ഒന്നായിരത്തി എഴുനൂറ്റി എഴുപത്തി രണ്ട് രൂപ മാത്രം) രൂപ സെൻട്രൽ ലബോറട്ടറി കോംപ്ലക്സ് കെട്ടിടനിർമ്മാണത്തിനും ബാക്കി തുക ലബോറട്ടറി ഉപകരണങ്ങൾക്ക് വിനിയോഗിക്കുവാനുമാണ് ഭരണാനുമതി ലഭിച്ചിട്ടുള്ളത്.

സർക്കാരിൽ നിന്നും ഫണ്ട് അനുവദിക്കുന്ന മുറയ്ക്ക് കെട്ടിടം പണി ആരംഭിക്കുന്നതാണ്. ഈ ആവശ്യത്തിലേയ്ക്കായി സർവ്വകലാശാല ഫണ്ടിൽ നിന്നും വിഹിതമില്ല.

**10. ചോദ്യം: ശ്രീ. വി. പി. ഇസ്മായിൽ**

പ്രൊഫ. രാജൻ ഗുരുക്കൾ, ഡോ. ബി. ഇക്ബാൽ, ഡോ. ഉഷ ടൈറ്റസ്, പ്രൊഫ. സാബു തോമസ് (എം.ജി.), ഡോ. എ. രാമചന്ദ്രൻ, ഡോ. ആർ.വി.ജി. മേനോൻ- അംഗങ്ങളായി, സംസ്ഥാന സർവ്വകലാശാലകളിൽ ആധുനിക വിജ്ഞാനശാഖകളിൽ പുതിയ കോഴ്സുകൾ ആരംഭിക്കുന്നത് പഠിച്ച റിപ്പോർട്ട് സമർപ്പിക്കാൻ ഉന്നത വിദ്യാഭ്യാസ കൗൺസിൽ സമിതി രൂപീകരിച്ചിരുന്നല്ലോ?

പ്രസ്തുത സമിതിയുടെ പുതിയ കോഴ്സുകളെ സംബന്ധിച്ചും, പുതിയ കോഴ്സുകളിലെ അദ്ധ്യാപകരുടെ ശമ്പളം സംബന്ധിച്ചും, വിദ്യാർത്ഥികളുടെ ഫീസ് സംബന്ധിച്ചും നമ്മുടെ സർവകലാശാലയ്ക്ക് അറിയിപ്പ് വല്ലതും ലഭിച്ചിട്ടുണ്ടോ ? അറിയിപ്പ് ലഭിച്ചിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വിശദീകരിക്കുമോ ?

**സിൻഡിക്കേറ്റ് അംഗം പ്രൊഫ. എ . ജോസ് ഉത്തരം പറഞ്ഞു.**

പ്രസ്തുത സമിതി റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല.

**<u>അടിയന്തിരപ്രമേയം</u>** –

**ശ്രീ. ഡോ. എസ്. അനസ്, അവതാരകൻ :**

**ഓൺലൈൻ സാധ്യതകളെ വിദ്യാഭ്യാസത്തിന്റെ വിവിധ തലങ്ങളിൽ കൂടുതൽ ക്രിയാത്മകവും കാര്യക്ഷമവുമായി ഉപയോഗപ്പെടുത്തുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെടുന്നു.**

സർവ്വകലാശാല സേവനങ്ങൾ പെട്ടെന്ന് ഓൺലൈനിലേക്ക് മാറുമ്പോൾ പ്രതിസന്ധികൾ ഉണ്ടാകുന്നത് സ്വാഭാവികമാണ്. കോവിഡ് പശ്ചാത്തലത്തിൽ മാത്രമല്ല പ്രളയം ബാധിച്ച സമയത്തും അക്കാദമിക കാര്യങ്ങളിൽ ഒരുപാട് തടസ്സങ്ങൾ നേരിട്ടിരുന്നു.

ഓൺലൈൻ സാധ്യതകൾ ക്ലാസ് റൂമുകളിലും പരീക്ഷാ നടത്തിപ്പിലും മാത്രം പരിമിതപ്പെടുത്താതെ സർവകലാശാലയുടെ വിവിധ മേഖലകളിലേക്ക് കൊണ്ടുവരേണ്ടതുണ്ട്. ഓൺലൈൻ സേവനങ്ങൾ വഴി വിദ്യാർത്ഥികൾക്കും സർവകലാശാലക്കും സമയ സാമ്പത്തിക നേട്ടങ്ങൾ ഉണ്ടാകുന്നു. Ph.D- യുമായി ബന്ധപ്പെട്ട് ഓൺലൈൻ വൈവകളും സെമിനാറുകളും നടത്തുന്നത് വിദ്യാർഥികൾക്കും അധ്യാപകർക്കും ഒരുപോലെ ഗുണം ചെയ്യും. കോവിഡ് പോലുള്ള പ്രതിസന്ധിഘട്ടങ്ങളിൽ സമയബന്ധിതമായി കോഴ്സുകൾ പൂർത്തിയാക്കാൻ ഇത് സഹായിക്കുന്നു. പരീക്ഷ, വൈവ, എൻട്രൻസ്, അധ്യാപകരുടെ പ്രമോഷനുമായി ബന്ധപ്പെട്ട ഇന്റർവ്യൂ എന്നിവ നടത്തുന്നതിന് വേണ്ട ഓൺലൈൻ സംവിധാനങ്ങൾക്ക് ആവശ്യമായ നിയമ നടപടികളും ഭേദഗതികളും കൊണ്ടുവരണമെന്ന് ഈ പ്രമേയത്തിലൂടെ ആവശ്യപ്പെടുന്നു. ഇതിലേയ്ക്കുവേണ്ട അടിസ്ഥാന സൗകര്യങ്ങൾ ദീർഘകാല അടിസ്ഥാനത്തിൽ ലഭ്യമാക്കി മുന്നോട്ടുപോകുന്നതിന് അധ്യാപകർക്കും വിദ്യാർഥികൾക്കും പരിശീലനം നൽകിയാൽ ഇത്തരം പ്രതിസന്ധി ഘട്ടങ്ങളെ ധൈര്യപൂർവ്വം നേരിടാൻ സാധിക്കും.

**<u>ശ്രീ. ജേക്കബ് സി. നൈനാൻ</u>**

അംഗം അവതരിപ്പിച്ച പ്രമേയം ആശയപരമായി അനുകൂലിക്കുന്നു. പക്ഷേ ഓൺലൈൻ വിദ്യാഭ്യാസ രീതി ഒരു പ്രത്യേക സാഹചര്യത്തിൽ കുറച്ചു കാലയളവിലേക്ക് മാത്രമായാണെന്ന് സർക്കാർ നയം വ്യക്തമാക്കുന്നു. ദീർഘകാല അടിസ്ഥാനത്തിലുള്ള ഓൺലൈൻ വിദ്യാഭ്യാസത്തോട് വ്യക്തിപരമായി

യോജിക്കുന്നില്ല. ഓൺലൈൻ വിദ്യാഭ്യാസ രീതിയുടെ ദോഷവശങ്ങൾ കൂടി പരിശോധിക്കേണ്ടത് അത്യാവശ്യമാണ്. പൊതുസമൂഹം ഒന്നിച്ചിരുന്ന വിദ്യാഭ്യാസം നേടുമ്പോൾ വിവിധ തലങ്ങളിലുള്ളവരുടെ കൂട്ടായ്മകൾ ഉണ്ടാകാൻ സഹായകരമാകുന്നു. പൊതുവിദ്യാഭ്യാസത്തിന്റെ നേട്ടങ്ങൾ എല്ലാവരിലും ഒരു പോലെ എത്തുന്ന എന്നതിനെ ഓൺലൈൻ വിദ്യാഭ്യാസം തകർക്കുന്നു. ഓൺലൈൻ വിദ്യാഭ്യാസം എല്ലാതലത്തിലേയ്ക്കും കടന്നുവരുന്നതിനോട് വ്യക്തിപരമായി വിയോജിക്കുന്നു. ഓൺലൈൻ-ന്റെ സാധ്യതകളെ കാണാനും വേണ്ടിടത്ത് ഉപയോഗപ്പെടുത്താനും കഴിയണം.

<u>**ഡോ. ആർ. പ്രഗാഷ്**</u>

ഓൺലൈൻ സേവനങ്ങളിലും പരീക്ഷാനടത്തിപ്പിലും സർവകലാശാല വളരെ മുന്നോട്ട് പോയിട്ടുണ്ട്. പരീക്ഷ നടത്തിപ്പും മൂല്യനിർണ്ണയവും പൂർണമായി ഓൺലൈനിലാക്കാൻ സർവകലാശാല ശ്രമിക്കുകയാണ്. ഓൺലൈൻ വൈവ കൂടാതെ 2500 ഓളം വിദ്യാർഥികൾക്ക് മറ്റു ജില്ലകളിൽ പരീക്ഷ കേന്ദ്രം അനുവദിച്ച് പരീക്ഷ നടത്തി. ലക്ഷദീപ് കേന്ദ്രമാക്കി പരീക്ഷ നടത്തുവാൻ സാധിച്ചു. പരീക്ഷകൾ ലോകത്തെവിടെവച്ചും നടത്താൻ സാധിക്കുന്ന രീതിയിൽ ഓൺലൈൻ സംവിധാനങ്ങൾ സർവകലാശാല വളർത്തിയെടുത്തിട്ടുണ്ട്.

<u>**ശ്രീ. പത്മകുമാർ പി.**</u>

ഈ പ്രമേയത്തെ പിന്താങ്ങുന്നു. കോവിഡ് കാലത്തെ ഓൺലൈൻ വിദ്യാഭ്യാസ രീതി താല്കാലികമായ സംവിധാനം ആണ്. കോവിഡ് പ്രതിസന്ധി അവസാനിക്കുന്ന മുറയ്ക്ക് പഴയ വിദ്യാഭ്യാസ രീതിയിലേക്ക് തിരികെ പോകുന്ന സാഹചര്യം വരും എന്ന് മനസിലാക്കാൻ സാധിക്കുന്നു.

സർവകലാശലയിലെ സേവനങ്ങളിൽ നല്ലൊരു ശതമാനവും ഓൺലൈൻ ആയി വികസിപ്പിച്ച് കൊണ്ടിരിക്കുന്ന ഘട്ടത്തിലാണ്. വൈവ, വാല്യുവേഷൻ എന്നിവ കൂടാതെ സർവ്വകലാശാലയുടെ ഓൺലൈൻ സേവനങ്ങൾ കൂടുതൽ സാമൂഹിക പ്രതിബദ്ധതയോടെ എപ്രകാരം മുന്നോട്ടു കൊണ്ടുപോകാൻ കഴിയും എന്ന കാര്യം പരിശോധിക്കണം. പൂർണ്ണമായും ഓൺലൈൻ സംവിധാനത്തിലേക്ക് വരുമ്പോൾ ഉണ്ടാകുന്ന സാമൂഹിക പ്രത്യാഘാതങ്ങളും സർവകലാശാല പരിശോധിക്കേണ്ടിവരും.

ചർച്ചകൾക്ക് ശേഷം സഭ പ്രമേയം അംഗീകരിച്ചു.

## II. സിൻഡിക്കേറ്റും വൈസ് ചാൻസലറും അവതരപ്പിച്ച വിഷയങ്ങൾ.

1.

a) വാർഷിക റിപ്പോർട്ട് -2019

b) വാർഷിക അക്കൗണ്ട്സ് & ഓഡിറ്റ് റിപ്പോർട്ട് 2017-18

c) ഫിനാൻഷ്യൽ എസ്റ്റിമേറ്റ് 2020-21

**2. a) As per statutes 9(7) Chapter 23 of MahatmaGandhi University statutes 1997, the matter of granting of affiliation to a new college/course shall be reported to the Senate at its next meeting. Hence it is reported that the following new courses have been granted affiliation by the University after the last meeting of the senate held on 23.11.2019.**

| No. | College | Course | No. seats |
|---|---|---|---|
| 1. | Mangalam School of Architecture & Planning,Perumbaikad P.O, Kottayam | M.Arch (Landscape Architecture) Full Time- | 20 |

**b) As per statute 14 Chapter 23 of MahatmaGandhi University statutes 1997, the matter of withdrawal or suspension of affiliation shall be placed before the Senate. Hence it is reported that the affiliation of the following colleges have been withdrawn by the university after the last meeting of the senate held on 23.11.2019.**

1. As per U.O.No.1703/ACA7/2020/MGU,dated:20.03.2020, Affiliation of St. John's College, Prakkanam, Pathanamthitta has been withdrawn.

മേൽ വിഷയങ്ങൾ സഭ അംഗീകരിച്ചു

## III. സെനറ്റ് അംഗങ്ങൾ അവതരിപ്പിച്ച വിഷയങ്ങൾ: (അംഗങ്ങൾ നൽകിയിട്ടുള്ള പ്രമേയങ്ങൾ).

**1. അവതാരകൻ: ഡോ. വർഗ്ഗീസ് കെ. ചെറിയാൻ**

**<u>പ്രമേയം:</u>**

മോഡൽ 2 ഫിസിക്സ്, കെമിസ്ട്രി വിഷയങ്ങൾ പഠിച്ച വിദ്യാർത്ഥികൾക്ക് സ്കൂളിൽ അദ്ധ്യാപകരാകാനുള്ള അവസരം നിഷേധിക്കുന്ന സാഹചര്യം മറികടക്കുവാനായി അഡീഷണൽ ക്രെഡിറ്റ് നൽകുന്ന രീതിയിൽ പ്രാക്ടിക്കലോടുകൂടി കോംപ്ലിമെന്ററി കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള നിയമനിർമ്മാണം സർവകലാശാല നടത്തണമെന്ന് ആവശ്യപ്പെടുന്നു.

ശ്രീ. പത്മകുമാർ പി. പ്രമേയത്തെ പിന്താങ്ങി. പ്രമേയം സഭ അംഗീകരിച്ചു.

**2. അവതാരകൻ: ഡോ. വർഗ്ഗീസ് കെ. ചെറിയാൻ**

**<u>പ്രമേയം:</u>**

അദ്ധ്യാപക പരിശീലന സ്ഥാപനങ്ങളിൽ ഒരു വിഷയത്തിന് ഒരു അദ്ധ്യാപകൻ മാത്രമുള്ള സാഹചര്യത്തിൽ എൻ.സി.റ്റി.ഇ. നിഷ്കർഷിക്കുന്ന അദ്ധ്യയനദിനങ്ങൾ നഷ്ടപ്പെടുത്താതെ വാല്യുവേഷൻ ക്യാമ്പുകൾ പരമാവധി വെക്കേഷൻ കാലയളവിൽ നടത്തണമെന്ന് സർവ്വകലാശാലയോട് ആവശ്യപ്പെടുന്നു.

ഡോ. എസ്. അനസ് പ്രമേയത്തെ പിന്താങ്ങി. പ്രമേയം സഭ അംഗീകരിച്ചു.

**3. അവതാരകൻ: ഡോ. എസ്. അനസ്**

**<u>പ്രമേയം:</u>**

16.10.2019-ലെ സർവ്വകലാശാല ഉത്തരവ് (U.O.No.4914/ADA2/2019/MGU) പ്രകാരം അദ്ധ്യാപ കർക്കായി നടപ്പിലാക്കിയ ബയോമെട്രിക് പഞ്ചിങ് സംവിധാനത്തിന്റെ സോഫ്റ്റ്‌വെയർ പ്രസ്തുത സമയക്രമത്തിനനുസരിച്ച പരിഷ്കരിക്കണമെന്നും അതുവരെ ഹാജർ പരിശോധിക്കാൻ ഈ സംവിധാനം പരിഗണിക്കരുതെന്നും ആവശ്യപ്പെടുന്നു.

പ്രൊഫ. (ഡോ.) സിബി സക്കറിയാസ് പ്രമേയത്തെ പിന്താങ്ങി. ചർച്ചയ്ക്കുശേഷം താഴെ പറയുന്ന ഭേദഗതിയോടെ പ്രമേയം സഭ അംഗീകരിച്ചു.

"16.10.2019-ലെ സർവ്വകലാശാല ഉത്തരവ് (U.O.No.4914/ADA2/2019/MGU) പ്രകാരം അദ്ധ്യാപകർക്കായി നടപ്പിലാക്കിയ ബയോമെട്രിക് പഞ്ചിങ് സംവിധാനത്തിന്റെ സോഫ്റ്റ്‌വെയർ പ്രസ്തുത സമയക്രമത്തിനനുസരിച്ച പരിഷ്കരിക്കണമെന്ന ആവശ്യപ്പെടുന്നു"

**4. അവതാരകൻ: ഡോ. വർഗീസ് കെ.ചെറിയാൻ**

<u>**പ്രമേയം:**</u>

2018 യു.ജി.സി. റെഗുലേഷൻസ് അനുസരിച്ച് എയ്ഡഡ് കോളേജ് അധ്യാപകർക്ക് അനുവദനീയമായ പ്രൊഫസർ പോസ്റ്റിലേക്കുള്ള പ്രൊമോഷൻ അനുവദിക്കുന്നതിനുള്ള നടപടി ഉണ്ടാകണമെന്ന് സർവകലാശാലയോട് ആവശ്യപ്പെടുന്നു.

അവതാരകൻ പ്രമേയം പിൻവലിച്ചു.

**5. അവതാരകൻ: പ്രൊഫ. (ഡോ.) സിബി സക്കറിയാസ്**

<u>**പ്രമേയം:**</u>

The hostel facilities provided to the Students are pathetic to say the least and any way it never suites academic culture. It is the students right to have good hostel facilities that aids academic pursuits. It is alarming where which more than Three inmates are in rooms. Therefore, this house requests the authorities to take requisite steps to make our hostel a centre of Academic Nursery.

പ്രമേയത്തിന് ആരും പിന്തുണ നൽകാത്തതിനാൽ പ്രമേയം തള്ളി.

**6. അവതാരകൻ: ഡോ. എസ്. അനസ്**

<u>**പ്രമേയം:**</u>

അദ്ധ്യാപകരുടെ പ്രമോഷൻ നടപടികൾ കാലതാമസമില്ലാതെ പ്രോസസ്സ് ചെയ്യുന്നതിനും തീർപ്പ കല്പിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെടുന്നു.

പ്രൊഫ. (ഡോ.) സിബി സക്കറിയാസ് പ്രമേയത്തെ പിന്താങ്ങി. പ്രമേയം സഭ അംഗീകരിച്ചു.

**7. അവതാരകൻ: പ്രൊഫ. (ഡോ.) സിബി സക്കറിയാസ്**

<u>**പ്രമേയം:**</u>

The demand/supply ratio is very less in most of the statutory Schools/ Departments of the university. One of the reasons is that we are not recruiting in proper time. May I request this house to take necessary steps to attract the student to the Schools/Departments by inviting applications by March 2020 itself. Let the University be in glory always.

ആരും പിന്താങ്ങാൻ ഇല്ലാത്തതിനാൽ സഭ പ്രമേയം തള്ളി.

**8. അവതാരകൻ: ശ്രീ. പത്മകുമാർ പി.**

**പ്രമേയം:**

എം.ജി. സർവകലാശാലയുടെ വിദൂര വിദ്യാഭ്യാസ (distance education) മേഖല ശക്തിപ്പെടുത്തുവാനുള്ള നടപടികൾ സ്വീകരിക്കുക.

ഡോ. എസ്. അനസ് പ്രമേയത്തെ പിന്താങ്ങി. പ്രമേയം സഭ അംഗീകരിച്ചു.

**9. അവതാരകൻ: ശ്രീ. ജേക്കബ് സി. നൈനാൻ**

**പ്രമേയം:**

2020-21 അധ്യയന വർഷത്തിൽ എയ്ഡഡ് കോളേജുകളിൽ പരമ്പരാഗത കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട കേരള ഗവൺമെന്റിനോട് ഈ യോഗം അഭ്യർത്ഥിക്കുന്നു.

ശ്രീ. മോൻസി എ.യു., പ്രമേയത്തെ പിന്താങ്ങി. ചർച്ചയ്ക്കുശേഷം താഴെ പറയുന്ന രീതിയിൽ ഭേദഗതിയോടെ പ്രമേയം സഭ അംഗീകരിച്ചു.
"2020-21 അധ്യയന വർഷത്തിൽ എയ്ഡഡ് കോളേജുകളിൽ എയ്ഡഡ് കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട കേരള ഗവൺമെന്റിനോട് ഈ യോഗം അഭ്യർത്ഥിക്കുന്നു."

**10. അവതാരകൻ: ഡോ. എസ്. അനസ്**

**പ്രമേയം:**

Outcome Based Education (OBE) ഈ സർവകലാശാലയിൽ ഏറ്റവും ഫലപ്രദമായി നടപ്പിൽ വരുത്തുന്നതിന് ആവശ്യമായ കൂടുതൽ ക്രിയാത്മക നടപടികൾ സ്വീകരിക്കണമെന്നു ആവശ്യപ്പെടുന്നു.

ഡോ. വർഗീസ് കെ.ചെറിയാൻ പ്രമേയത്തെ പിന്താങ്ങി. പ്രമേയം സഭ അംഗീകരിച്ചു.

**11. അവതാരകൻ: ശ്രീ. പത്മകുമാർ പി.**

**പ്രമേയം:**

സർവകലാശാല ജീവനക്കാരുടെ സേവന വേതന വ്യവസ്ഥ സെക്രട്ടേറിയറ്റ് പാറ്റേൺ അനുസരിച്ചാണ്. ഈ പാറ്റേൺ എല്ലാ തസ്തികകൾക്കും ബാധകമാക്കുക.

ശ്രീ. ജേക്കബ് സി. നൈനാൻ പ്രമേയത്തെ പിന്താങ്ങി. പ്രമേയം സഭ അംഗീകരിച്ചു.

അജൻഡ പ്രകാരമുള്ള ഇനങ്ങൾ എല്ലാം പൂർത്തീകരിച്ചതിനാൽ യോഗത്തിൽ പങ്കെടുത്ത അംഗങ്ങൾക്ക് നന്ദി രേഖപ്പെടുത്തി 11.30–ന് സെനറ്റ് യോഗം പിരിയുന്നതായി അദ്ധ്യക്ഷൻ അറിയിച്ചു.

**ഒപ്പ്**
**രജിസ്ട്രാർ**